**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3169** **01-03-2023 - ൽ മറുപടിയ്ക്ക്**

**ടൂറിസം മേഖലയിൽ നടത്തിയ ഇടപെടലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ,<br>ശ്രീമതി ദെലീമ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിദേശ, ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | കോവിഡിനു ശേഷം 2022 ൽ സഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2022 കലണ്ടർ വർഷം 1,88,67,414 ആഭ്യന്തര വിനോദസഞ്ചാരികളും 3,45,549 വിദേശ വിനോദ സഞ്ചാരികളും കേരളം സന്ദർശിച്ചിട്ടുണ്ട്. 2021 ൽ ആഭ്യന്തര സഞ്ചാരികൾ 75,37,617-ഉം വിദേശ വിനോദസഞ്ചാരികൾ 60,487ഉം ആയിരുന്നു. 2021 കലണ്ടർ വർഷത്തെ അപേക്ഷിച്ച് ആഭ്യന്തര വിനോദസഞ്ചാരികളിൽ 150.31% വർദ്ധനവും വിദേശ വിനോദ സഞ്ചാരികളിൽ 471.28% വർദ്ധനവും വന്നിട്ടുണ്ട്. കോവിഡ് കാലത്തെ മാന്ദ്യത്തിന് ശേഷം സംസ്ഥാനത്ത് എത്തുന്ന വിനോദസഞ്ചാരികളുടെ എണ്ണത്തിൽ ക്രമാനുഗതമായി വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് വിനോദസഞ്ചാര മേഖലയിൽ നിന്നും ലഭ്യമായ വരുമാനം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | കേരളം സന്ദർശിക്കുന്ന വിനോദസഞ്ചാരികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ടൂറിസം മേഖലയിൽ നിന്നും സംസ്ഥാനത്തിനു ലഭിക്കുന്ന മൊത്തം വരുമാനം കലണ്ടർ വർഷാടിസ്ഥാനത്തിൽ ആണ് കണക്കാക്കി വരുന്നത്. 2021, 2022 വർഷങ്ങളിലെ പ്രസ്തുത കണക്ക് ചുവടെ ചേർക്കുന്നു.<br><br>വർഷം \| വിനോദസഞ്ചാരികളുടെ എണ്ണം \| ആകെ വരുമാനം (കോടിയിൽ) Direct & Indirect<br>2021 \| 75,98,104 \| 12,285.91<br>2022 \| 1,92,12,963 \| 35,168.42 |
| (സി) | വിനോദസഞ്ചാരികളുടെ എണ്ണത്തിലും വിനോദസഞ്ചാര മേഖലയിൽ നിന്നുള്ള വരുമാനത്തിലും വർദ്ധനവ് ഉണ്ടാകാൻ ടൂറിസം മേഖലയിൽ | (സി) | വിനോദസഞ്ചാരികളുടെ എണ്ണത്തിലും വിനോദസഞ്ചാര മേഖലയിൽ നിന്നുള്ള വരുമാനത്തിലും വർദ്ധനവ് ഉണ്ടാകാൻ ആസൂത്രിതമായ പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പാക്കുന്നത്. പുതിയ ഉത്പന്നങ്ങൾ രംഗത്തിറക്കിയും ഡെസ്റ്റിനേഷനുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിച്ചും പുതിയ ഡെസ്റ്റിനേഷനുകൾ കണ്ടെത്തിയും ടൂറിസം മേഖലയിലേയ്ക്ക് |

| | | | |
|---|---|---|---|
| | സർക്കാർ നടത്തിയ ഇടപെടലുകൾ വിശദമാക്കുമോ? | | സഞ്ചാരികളെ ആകർഷിക്കാനുള്ള പദ്ധതികളാണ് നടപ്പാക്കുന്നത്. അതോടൊപ്പം മാർക്കറ്റിംഗ് മേഖലയിലും ആസൂത്രിത ഇടപ്പെടൽ നടത്തുകയാണ്. സംസ്ഥാന ടൂറിസത്തിന്റെ പ്രത്യേകതകളായ പുലികളി, കാരവൻ ഷോർട്ട് ഫിലിം, കഥകളി, ബെയ്പൂർ വാട്ടർഫെസ്റ്റ്, കേരള ഫെസ്റ്റിവൽ തുടങ്ങിയ വീഡിയോകൾ സോഷ്യൽ മീഡിയ ക്യാമ്പയിനുകളിൽ ഉൾപ്പെടുത്തി ദേശീയ തലത്തിൽ പ്രചരിപ്പിച്ചുകൊണ്ട് സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിന് വേണ്ട നപടികൾ പുരോഗമിച്ചുവരുന്നു.<br><br>കൂടാതെ ലണ്ടൻ, സ്പെയിൻ, ഇറ്റലി, യു.എസ്.എ. ഫ്രാൻസ്, റഷ്യ, മിഡിൽ ഈസ്റ്റ് തുടങ്ങിയ അന്താരാഷ്ട്ര വേദികളിൽ സംഘടിപ്പിക്കുന്ന ട്രാവൽ മാർട്ടുകളിൽ കേരള ടൂറിസം പങ്കെടുക്കാറുണ്ട്. WTM ലണ്ടൻ, FITUR മാഡ്രിഡ്, BIT മിലാൻ തുടങ്ങിയ അന്താരാഷ്ട്ര മേളകളിൽ ഈ വർഷം കേരള ടൂറിസം പങ്കെടുത്തിട്ടുണ്ട്. കൂടാതെ ഇനി നടക്കാനിരിക്കുന്ന ITB ബെർലിൻ, MITT മോസ്കോ തുടങ്ങിയ മേളകളിൽ പങ്കെടുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതു കൂടാതെ കൂടുതൽ വിദേശ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി കേരള ടൂറിസത്തിലെ സംരംഭകരെ ഉൾപ്പെടുത്തിക്കൊണ്ട് ലണ്ടൻ, ഡബ്ളിൻ, ന്യൂയോർക്ക്, ലോസ് ഏഞ്ചൽസ്, സാൻഫ്രാൻസിസ്കോ, മ്യൂനിച്ച്, ഫ്രാങ്ക്ഫർട്ട് തുടങ്ങിയ നഗരങ്ങളിൽ ബി 2 ബി മീറ്റുകളും സംഘടിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ